# INDIAN SCHOOL AL WADI AL KABIR

## POST MID TERM EXAMINATION 2025 -26

## MALAYALAM (012)

Date: 04/12/2025 Time Allowed :3 Hours

Class: IX Maximum Marks: 80

*General Instructions:*

1. Please check that this question paper contains **8** questions and **9** printed pages.
2. This question paper is divided into four sections:

Section A - Reading Comprehension – 15 Marks

Section B - Creative Writing – 14 Marks

Section C - Grammar – 15 Marks

Section D - Literature – 36 Marks

**എ വിഭാഗം ( SECTION : A )**

**1. താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) (8X1=8)**

ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ ?
മലിനമായ ജലാശയം അതിമലിനമായൊരു ഭൂമിയും.
തണലു കിട്ടാൻ തപസ്സിലാണിന്നിവിടെയെല്ലാ മലകളും.
ദാഹനീരിനു നാവു നീട്ടി വരണ്ടു പുഴകൾ സർവവും.
കാറ്റുപോലും വീർപ്പടക്കി കാത്തു നില്ക്കും നാളുകൾ.
നിറങ്ങൾ മായും ഭൂതലം വസന്തമിന്നു വരാത്തിടം.
നാളെ നമ്മുടെ ഭൂമിയോ മഞ്ഞു മൂടിയ പാഴ്നിലം.
സ്വാർത്ഥ ചിന്തകളുള്ളിലേറ്റി സുഖങ്ങളെല്ലാം കവരുവോർ,
ചുട്ടെരിച്ചു കളഞ്ഞുവോ ഭൂമിതന്നുടെ നന്മകൾ ?
നനവു കിനിയും മനസ്സുണർന്നാൽ മണ്ണിലിനിയും ജീവിതം.
ഒരുമയോടെ നമുക്കു നീങ്ങാം തുയിലുണർത്തുക കൂട്ടരേ.
പെരിയ ഡാമുകൾ രമ്യഹർമ്യം അണുനിലയം യുദ്ധവും

ഇനി നമുക്കീ മണ്ണിൽ  വേണ്ടെന്നൊരു മനസ്സായ് ചൊല്ലിടാം.

വികസനം അതു മർത്ത്യമനസ്സിൻ അതിരിൽ നിന്ന് തുടങ്ങിടാം.

വികസനം അതു നന്മപൂക്കും ലോകസൃഷ്ടിയ്ക്കായിടാം.

ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ ?

**<u>ചോദ്യങ്ങൾ</u>**

(i) തണലു കിട്ടാൻ തപസ്സു ചെയ്യുന്നതാരാണ് ?

(ii) ദാഹനീരിനു നാവു നീട്ടി വരണ്ടതെന്ത് ?

(iii) വീർപ്പടക്കി കാത്തു നില്ക്കുന്നതെന്താണ് ?

(iv) നാളെ നമ്മുടെ ഭൂമി എന്തായി മാറുമെന്നാണ് പറയുന്നത് ?

(v) ഭൂമിയുടെ നന്മകൾചുട്ടെരിച്ചു കളഞ്ഞത് ആരാണ് ?

(vi) 'നനവു കിനിയും മനസ്സുണർന്നാൽ' എന്താണ് സംഭവിക്കുന്നത് ?

(vii) നമുക്കീ മണ്ണിൽ എന്ത് വേണ്ടെന്നാണ് ഒരു മനസ്സായി പറയുന്നത് ?

(viii) വികസനം എവിടെ നിന്നാണ്  തുടങ്ങേണ്ടത് ?

**2. താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം   (7X1=7)**

കപട സ്നേഹിതാ, നിന്നോടു ജീവിത-

വ്യഥകൾ  ചൊല്ലി പരാജയപ്പെട്ടു ഞാൻ.

തെരുവിൽ  വെച്ചു നീ കാണുമ്പൊഴൊക്കെയും

കുശലമെയ്യുന്നു , മുൻവരിപ്പല്ലിനാൽ ചിരി വിരിക്കുന്നു.

കീശയിൽ കയ്യിട്ടു കുരുതി ചെയ്യുവാനായുധം തേടുന്നു.

മുളകൾ പൂക്കുന്ന കാലം, മനസ്സിലും

മുനകൾ കൊണ്ടു പഴുക്കുന്ന വേദന.

നിലവിളിക്കുന്നു ഞാൻ, തീവ്രദുഃഖങ്ങൾ

അലറിയെത്തിക്കഴുത്തിൽ കടിക്കുന്നു.

ഒരു വിളിപ്പാടിനപ്പുറം നീയെന്നെ

അവഗണിക്കെ സഹിക്കാൻ പഠിച്ചു ഞാൻ.

ഒരു നഖപ്പാടിനപ്പുറം നീയെന്നെ

അവമതിക്കെ ക്ഷമിച്ചു ശീലിച്ചു ഞാൻ

വഴി നമുക്കു രണ്ട്, ഓർക്കുക, ജീവിത-
വ്യഥകൾ നീയുമായ് പങ്കു വെയ്ക്കില്ലിനി.
കപട സ്നേഹിതാ, നിൻ നാട്യവൈഭവം
കവിത ചൊല്ലി തിരസ്കരിക്കുന്നു ഞാൻ.

**ചോദ്യങ്ങൾ**

(i) ആരോടാണ് ജീവിതവ്യഥകൾ ചൊല്ലി പരാജയപ്പെട്ടത് ?

(ii) എവിടെ വച്ച് കാണുമ്പോഴാണ് കുശലമെയ്യുന്നത് ?

(iii) കുരുതി ചെയ്യുവാൻ ആയുധം തേടുന്നതെവിടെ ?

(iv) അലറിയെത്തി കഴുത്തിൽ കടിക്കുന്നതെന്ത് ?

(v) കവി ക്ഷമിച്ചു ശീലിച്ചതെപ്പോഴാണ് ?

(vi) ''നീയുമായ് പങ്കു വെയ്ക്കില്ലിനി ''എന്ത് ?

(vii) കപടസ്നേഹിതന്റെ നാട്യവൈഭവം കവി തിരസ്കരിക്കുന്നതെങ്ങനെ ?

## ബി - വിഭാഗം ( SECTION : B )

**3. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **( 5 )**

(i) അഴിമതി നിർമ്മാർജനം

OR

(ii) മദ്യ നിരോധനത്തിന്റെ ആവശ്യകത

(b) നിങ്ങളുടെ പ്രദേശത്തെ യാത്രാക്ലേശം അധികാരികളുടെയും ജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും വേണ്ടി ഏതെങ്കിലും ഒരു പത്രത്തിന്റെ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. **( 5 )**

(c) കേരള സർക്കാരിന്റെ മികച്ച പരിസ്ഥിതി പ്രവർത്തകനുള്ള പുരസ്കാരം നേടിയ നിങ്ങളുടെ പ്രദേശവാസിയായ പൊതുപ്രവർത്തകനെ നാട്ടുകാർ ആദരിച്ചതിനെ അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. **( 4 )**

## സി - വിഭാഗം ( SECTION : C )

**4. (a) പ്രയോഗം മാറ്റുക.** **(2 X 1=2)**

(i) അമ്മ ഐറിഷ് ഗാനം ആലപിച്ചു.

(ii) ഗുരു കുട്ടികളെ അടുത്തേക്ക് വിളിച്ചു.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **(2 X 1=2)**

(i) അസുഖമുള്ളപ്പോഴും ജോലി തുടരാൻ നിർബന്ധിതയായതിനാൽ തൊണ്ടയിലെ പ്രശ്നം ക്രമേണ ഗുരുതരമായി.

(ii) ജനക്കൂട്ടത്തിന്റെ തലവനായി അവിടെ ഇരുന്നപ്പോൾ അദ്ദേഹത്തിന്റെ മുഖം ആശങ്കാകുലമായി.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2 X 1=2)**

(i) വാടകവീട്ടിൽ ഒറ്റയ്ക്കാക്കി പോകുവാൻ താല്പര്യമില്ലാത്തതിനാൽ അമ്മയെന്നെ തിയേറ്ററിലേക്ക് കൊണ്ടുവരുന്നത് സ്ഥിരം പതിവായിരുന്നു.

(ii) ഗുരുവിന്റെ സന്ദേശത്തിന്റെ നിശ്ശബ്ദമായ അലകൾ ജനങ്ങളെ ഒരു പുതിയ നവലോകത്തിലേക്ക് ഉയർത്തി.

**(d) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക.** **(2 X 1=2)**

(i) ശുശ്രൂഷിക്കുക (ii) മരവിപ്പിക്കുക (iii) പരിശോധിക്കുക

**5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.** **(7 X 1=7)**

(a) ‘പുഞ്ചിരി ’ എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) ശോകം (B) വിലാപം

(C) സ്മിതം (D) മാകന്ദം

(b) ‘നായകൻ ’ എന്ന പദത്തിന്റെ എതിർലിംഗപദം ഏത് ?

(A) നായിക (B) നായക

(C) നായകി (D) നായികി

(c) ‘അല്ലൽ ‘എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിൽ ഏതാണ് ?

(A) ആമ്പൽ (B) ആഗ്രഹം

(C) അതിയായ (D) ദുഃഖം

(d) ‘കോലുക - കൊല്ലുക ’ എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം ഏതാണ് ?

(A) പറയുക - വീതിക്കുക | (B) ഉണ്ടാക്കുക - വധിക്കുക
(C) സംശയിക്കുക - വാദിക്കുക | (D) തർക്കിക്കുക - വധിക്കുക

(e) ‘ഭീകരാനുഭവം’ എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?

(A) ഭീകരമായ അനുഭവം | (B) ഭീകരനുള്ള അനുഭവം
(C) ഭീകരന്റെ അനുഭവം | (D) ഭീകരം എന്ന അനുഭവം

(f) ’ക്ഷയം’ എന്ന പദത്തിന്റെ നാനാർത്ഥം അല്ലാത്തത് ഏതാണ് ?

(A) കുറവ് | (B) ക്ഷയരോഗം
(C) ആണ്ട് | (D) നാശം

(g) ‘മിതമല്ലാത്ത ’ എന്നതിന്റെ ഒറ്റപ്പദം ഇവയിൽ ഏതാണ് ?

(A) സുമിതം | (B) അമിതം
(C) അപരിമിതം | (D) മിതത്വം

(h) ‘ഇവയോരോന്നും ’ എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത് ?

(A) ഇവ + ഓരോന്നും | (B) ഇവയ്ക്ക് + ഓരോന്നും
(C) ഇവയ് + ഓരോന്നും | (D) ഇവയും + ഓരോന്നും

(i) ‘ആയാസം’ എന്നതിന്റെ വിപരീതപദം ഏത് ?

(A) പ്രയാസം | (B) അനായാസം
(C) സുയാസം | (D) വ്യത്യാസം

(j) തന്നിരിക്കുന്നതിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

(A) സ്പന്ഥനം | (B) സ്പന്ദനം
(C) സ്പന്ധനം | (D) സ്പന്തനം

## ഡി - വിഭാഗം ( SECTION : D )

**6. ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**

**(ഓരോന്നിനും 2 മാർക്ക് വീതം) (9 X 2=18)**

(a) (i) ‘ചണ്ഡാലഭിക്ഷുകി’ എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

(A) ചെറുകഥ | (B) മഹാകാവ്യം
(C) നാടകം | (D) ഖണ്ഡകാവ്യം

(ii) എസ്.എൻ.ഡി.പി യോഗത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറി ആയിരുന്ന കവി ആരാണ് ?

(A) വയലാർ (B) കുമാരനാശാൻ

(C) വൈലോപ്പിള്ളി (D) ഉള്ളൂർ

(b) (i) ‘ചിരിയുടെ അരങ്ങേറ്റം’ എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(A) എന്റെ ആത്മകഥ (B) സ്വരാജ്

(C) ഇദ്രിസ് (D) പ്രണയപാചകം

(ii) ചാർളി ചാപ്ലിന്റെ അരങ്ങിലെ ആദ്യപ്രകടനത്തിന് കാരണമായതെന്ത് ?

(A) അച്ഛന്റെ മദ്യപാനം (B) വീട്ടിലെ ദാരിദ്ര്യം

(C) അമ്മയുടെ ശബ്ദപ്രശ്നം (D) കൂട്ടുകാരുടെ നിർബന്ധം

(c) (i) 'തരിശുനിലങ്ങളിലേക്ക് ' എന്ന കവിത എഴുതിയതാരാണ് ?

(A) അയ്യപ്പപ്പണിക്കർ (B) തിരുനല്ലൂർ കരുണാകരൻ

(C) ജി. ശങ്കരക്കുറുപ്പ് (D) ചങ്ങമ്പുഴ കൃഷ്ണപിള്ള

(ii) ആരെപ്പോലെയാണ് വേലക്കാർ തരിശുനിലങ്ങളിലേക്ക് വരുന്നത് ?

(A) തെളിനീർ പോലെ (B) മിന്നൽപ്പിണർ പോലെ

(C) കരിമുകിൽ പോലെ (D) വേനൽ പോലെ

(d) (i) ജനങ്ങൾക്ക് കൂടുതൽ ആരോഗ്യപ്രദമായ ഭക്ഷണം ലഭ്യമാകുന്നത് ഏത് ഭക്ഷ്യവ്യവസ്ഥയിലാണ് ?

(A) ആഗോളഭക്ഷ്യവ്യവസ്ഥ (B) പ്രാദേശികഭക്ഷ്യവ്യവസ്ഥ

(C) വ്യാവസായികഭക്ഷ്യവ്യവസ്ഥ (D) കൃത്രിമഭക്ഷ്യവ്യവസ്ഥ

(ii) പച്ചത്തക്കാളി കൃത്രിമമായി പഴുപ്പിച്ചെടുക്കുന്നത് ഏത് വാതകം ഉപയോഗിച്ചാണ് ?

(A) നൈട്രജൻ (B) ഹീലിയം

(C) എഥിലീൻ (D) ഹൈഡ്രജൻ

(e) (i) "പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ" കവി ആരെയാണ് ഓമലാൾ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ?

(A) ബുദ്ധഭിക്ഷുവിനെ (B) ചാമർ നായകനെ

(C) ആര്യന്മാരെ (D) മാതംഗിയെ

(ii) "ഭീതി വേണ്ടാ തരികതെനിക്കു നീ " എന്തു തരണമെന്നാണ് ഭിക്ഷു മാതംഗിയോട് പറയുന്നത് ?

(A) വസ്ത്രം (B) പണം

(C) വെള്ളം (D) ആഹാരം

(f) (i) ''ജാതിഭേദവും മതദ്വേഷവും ഉപേക്ഷിച്ച് സർവരും സാഹോദര്യത്തോടെ ജീവിക്കുക'' എന്ന ഉപദേശം നൽകിയതാര് ?

(A) ശ്രീനാരായണഗുരു (B) നടരാജഗുരു

(C) ശ്രീബുദ്ധൻ (D) ചട്ടമ്പി സ്വാമികൾ

(ii) ഗുരുവിന്റെ സന്ന്യാസ ജീവിതത്തിന്റെ ആസ്ഥാനമായി പറയുന്ന സ്ഥലം ഏത് ?

(A) ചെമ്പഴന്തി (B) അരുവിപ്പുറം

(C) അഴീക്കോട് (D) അരുവിക്കര

(g) (i) "കുരുത്തനാൾ തൊട്ടിന്നോളം
തലകുനിച്ചിടാത്തോനീ വൃദ്ധൻ. " എന്തിനെയാണ് കവി വൃദ്ധൻ എന്ന് വിശേഷിപ്പിക്കുന്നത് ?

(A) പുറംപറമ്പിനെ (B) ഗിരിശൃംഗത്തിനെ

(C) ഭൂചക്രത്തിനെ (D) പുളിമാവിനെ

(ii) പൂങ്കുലയും കൊണ്ടോടി വന്നത് എന്ത് ?

(A) അമ്മമഹി (B) കൂറ്റൻമഴു

(C) പാലക്കാടൻ കുളിർകാറ്റ് (D) ഒട്ടുമാവുകൾ

(h) (i) "ഈ വൃദ്ധയെ റോട്ടിൽ കിടത്തി മരിപ്പിക്കാനാണോ തന്റെ ഉദ്ദേശ്യം! മാറി നിൽക്കിൻ " ഇതാരുടെ വാക്കുകളാണ് ?

(A) പാൽക്കാരന്റെ (B) പോലീസുകാരന്റെ

(C) ഡോക്ടറുടെ (D) ടാക്സിക്കാരന്റെ

(ii) 'അമ്മ' എന്ന പാഠഭാഗം എഴുതിയതാരാണ് ?

(A) ബാലാമണിയമ്മ (B) സുഗതകുമാരി

(C) സാറാ ജോസഫ് (D) മാധവിക്കുട്ടി

(i) (i) വേലക്കാരുടെ അടിയേറ്റ് തകർന്നുവീഴുന്നതെന്ത് ?

(A) കരിങ്കൽക്കുന്നുകൾ (B) പെരുവഴികൾ

(C) ഇടിവാളുകൾ (D) ഹൃദയശതങ്ങൾ

(ii) വയലുകളെ വന്ധ്യകളാക്കി കെടുതിയിലാഴ്ത്തിയത് ആരാണ് ?

(A) വേലക്കാർ (B) കച്ചവടക്കാർ

(C) ഉടമകൾ (D) അധ്വാനശീലർ

(j) (i) "എന്റെ താളം കണ്ടുകിട്ടുന്നതുവരെ വെറുതെ മൂളിക്കൊണ്ടിരുന്ന സംഗീതോ-പകരണങ്ങളുടെ അകമ്പടിയോടെ ഞാൻ പാടാൻ തുടങ്ങി." ഇവിടെ ഞാൻ എന്ന് സൂചിപ്പിക്കുന്നത് ആരെയാണ് ?

(A) കമലാ സുരയ്യയെ (B) ഹെലേന നോർബെർഗിനെ

(C) ചാർളി ചാപ്ലിനെ (D) സ്മിത മീനാക്ഷിയെ

(ii) ഒരു തൂവാലയുമായി വന്ന് പണം പെറുക്കി എടുക്കാൻ ചാപ്ലിനെ സഹായിച്ചത് ആരായിരുന്നു ?

(A) അമ്മ (B) സ്റ്റേജ് മാനേജർ

(C) സൈനികർ (D) കാണികൾ

(k) (i) അഹിംസാധർമ്മത്തിന് ബുദ്ധൻ മുഖ്യത കല്പിച്ചതെന്തുകൊണ്ട് ?

(A) അഹിംസ പാലിക്കുന്നതിനാൽ (B) ജാതിവിവേചനം മൂലം

(C) ധാർമികത ഇല്ലാത്തതിനാൽ (D) ഹിംസ കലശലായതുകൊണ്ട്

(ii) ഇവരെ വേർതിരിച്ചിരുത്തണമോ എന്ന് ഗുരു ആരോടാണ് ചോദിച്ചത് ?

(A) ജനക്കൂട്ടത്തോട് (B) പ്രാസംഗികരോട്

(C) തൊഴിലാളികളോട് (D) സമുദായ പ്രമാണിമാരോട്

(l) (i) പച്ചത്തണലും കൊത്തിയെടുത്തു കൊണ്ട് അകലേക്ക് പറക്കാൻ എന്തിനോടാണ് പറയുന്നത് ?

(A) തുമ്പികളോട് (B) പറവകളോട്

(C) മാനുകളോട് (D) മുയലുകളോട്

(ii) പുളിമാവ് മുറിച്ചുമാറ്റാൻ അച്ചാരം വാങ്ങിയതാരാണ് ?

(A) ഉടമസ്ഥൻ (B) കുടിയാൻ

(C) കർഷകൻ (D) കവി

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (3X 3 = 9)**

a ) മാതൃത്വത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് അമ്മ എന്ന കഥയിലൂടെ കഥാകൃത്ത് അവതരിപ്പിക്കുന്നത് ?

b) ചാർളി ചാപ്ലിന്റെ ബാല്യകാല ജീവിതത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.

c) പ്രാദേശിക ഭക്ഷ്യവ്യവസ്ഥയുടെ ആവശ്യകത എന്ത് ?

d) ശ്രീനാരായണഗുരുവുമായി സി. വി. കുഞ്ഞുരാമൻ നടത്തിയ സംഭാഷണത്തിന്റെ സാരാംശം എന്ത് ?

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (3X 3 = 9)**

a) വേലക്കാരുടെ തരിശുനിലങ്ങളിലേക്കുള്ള വരവിനെ കവി എങ്ങനെയാണ് വർണ്ണിക്കുന്നത് ?

b) പുളിമാവ് വെട്ടിയപ്പോൾ പ്രകൃതിയിൽ ഉണ്ടായ പ്രതികരണങ്ങൾ എന്തെല്ലാം ?

c) മാതംഗി തന്നെ സ്വയം പരിചയപ്പെടുത്തിയതെങ്ങനെ ?

d) ''പട്ടയമാരും തന്നീലല്ലോ
നിങ്ങൾക്കിവിടെക്കുടി പാർക്കാൻ ! '' ആശയം വിശദീകരിക്കുക.

*****